ओ□म्

# ദയാനന്ദ സന്ദേശം


ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക - ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!





പുസ്തകം : 6 ലക്കം 10

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ചൈത്രം - വൈശാഖം

1193 മീനം - മേടം 2018 ഏപ്രിൽ

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-




## പണ്ഡിത വേദബന്ധു ശർമ്മ (1901-1995)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

ഏപ്രിൽ 06 : മഹാശയ് രാജ്പാൽ ബലിദാന ദിനം
ഏപ്രിൽ 10 : ആര്യസമാജ സ്ഥാപന ദിനം
ഏപ്രിൽ 13 : ജാലിയൻവാലാ ബാഗ് സ്മൃതി ദിനം
ഏപ്രിൽ 15 : വിഷു
ഏപ്രിൽ 19 : മഹാത്മാ ഹൻസ്രാജ് ജന്മദിനം
ഏപ്രിൽ 20: പണ്ഡിത വേദബന്ധു ശർമ്മ ജന്മദിനം
ഏപ്രിൽ 26 : പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി ജന്മദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

**മണ്ഡലം 1 സൂക്തം 8**



**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ നിചൃത് ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

**ഏന്ദ്ര സാനസിം രയിം സജിത്വാനം സദാസഹമ്।**
**വർഷിഷ്ഠമൂതയേ ഭര॥**
**(ഋഗ്വേദം 1.8.1)**

**പദാർത്ഥം :** അല്ലയോ (ഇന്ദ്ര) പരമേശ്വര! അങ്ങ് കൃപ ചെയ്ത് ഞങ്ങളുടെ (ഊതയേ) രക്ഷാപുഷ്ടിയും സർവ്വസുഖപ്രാപ്തിക്കുമായി (വഷിഷ്ഠം) ഏതൊന്നാണോ നന്നായി അഭിവൃദ്ധിപ്പെടുന്നതും (സാനസിമ്) നിരന്തര സേവന യോഗ്യവും (സദാസഹമ്) ദുഷ്ടശത്രു അഥവാ ഹാനി അല്ലെങ്കിൽ ദുഃഖങ്ങളെ സഹിക്കാനുള്ള മുഖ്യഹേതുവും (സജിത്വാമ്) തുല്ല്യരായ ശത്രുക്കളെ വിജയിപ്പിക്കുന്നതുമായ (രയിം) ധനത്തെ (ആഭാര)നല്ലവണ്ണം നൽകിയാലും.

**ഭാവാർത്ഥം :** സർവ്വശക്തിമാനും അന്തര്യാമിയുമായ ഈശ്വരന്റെ ആശ്രയത്താൻ എല്ലാ മനുഷ്യരും തങ്ങളുടെ പൂർണ്ണപുരുഷാർത്ഥത്താൽ ചക്രവർത്തി രാജ്യത്തിന്റെ ആനന്ദത്തെ വർദ്ധിപ്പിക്കുന്ന വിദ്യയുടെ ഉന്നതിയും സ്വർണ്ണം തുടങ്ങിയ ധനവും സൈന്യം പോലുള്ള ബലവും എല്ലാ പ്രകാരത്തിലും നേടി തനിക്കും മറ്റുള്ളവർക്കും സുഖത്തെ നൽകണം.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 6 ലക്കം 10

വേദ സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ചൈത്രം – വൈശാഖം
1193 മീനം – മേടം 2018 ഏപ്രിൽ



**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവ്സ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

# ശിവസങ്കൽപ്പം

(തുടർച്ച)



**രാ**മേശ്വരത്ത് സേതുബന്ധനവുമായി ബന്ധപ്പെട്ട് പ്രചരിക്കപ്പെടുന്ന ഒന്നാണ് അവിടത്തെ ശിവലിംഗപ്രതിഷ്ഠ. ഇതിന് വാല്മീകി രാമായണത്തിൽ ഒരു പ്രമാണവുമില്ല. പതിനാലാം നൂറ്റാണ്ടിൽ രാമചന്ദ്രനെന്ന ദക്ഷിണദേശത്തുള്ള ശിവഭക്തനായ ഒരു രാജാവ് നിർമ്മിച്ചതാണ് ഈ രാമേശ്വരം ക്ഷേത്രം എന്ന് കരുതപ്പെടുന്നു.

### മഹാഭാരതത്തിലെ ശിവൻ

മഹാഭാരതത്തിൽ വർണ്ണിക്കുന്ന ശിവൻ ഒരു ചരിത്രപുരുഷനാണെന്ന് കരുതപ്പെടുന്നു. ഇന്ന് ഭൂട്ടാൻ എന്നറിയപ്പെടുന്ന രാജ്യത്തെ രാജാവായിരുന്നു അദ്ദേഹം. ഭൂതസ്ഥാൻ എന്ന പേരിലായിരിക്കാം അക്കാലത്ത് ആ പ്രദേശം അറിയപ്പെട്ടിരുന്നത്. പിന്നീടത് ഭൂട്ടാൻ ആയി

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

തീർന്നതാവണം. ഈ ദേശത്ത് താമസിക്കുന്നവരെ ഇപ്പോഴും ഭോട്ട്, ഭോട്ടിയ എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. ഭൂതം, ഭൂതിയ എന്നീ പദങ്ങളുടെ അപഭ്രംശമാണിത്. പണ്ടുകാലത്ത് ഈ പ്രദേശം ദേവൻമാരുടെ അധീനതയിലായിരുന്നു. ദേവന്മാരും ഈ നാട്ടിലെ ജനങ്ങളും തമ്മിൽ ഇടകലർന്ന് ഈ വംശജരുടെ മിശ്രണം ഉണ്ടായിരിക്കാം. ഭൂതങ്ങളുടെ രാജാവായതിനാൽ ശിവന് ഭൂതപതി, ഭൂതേശൻ,ഭൂതനാഥൻ തുടങ്ങിയ പേരുകൾ വന്നു. മഹാദേവനെന്നും അദ്ദേഹത്തെ വിളിച്ചു പോന്നു.


ഇന്ന് ഭൂട്ടാൻ വളരെ ചെറിയ ഒരു രാജ്യമാണ്. പ്രാചീനകാലത്തിത് വളരെ വലുതായിരുന്നു. അതിനാൽ മഹാദേവന്റെ കേന്ദ്രം കൈലാസപർവ്വതമായി. ഭൂതങ്ങൾ അഥവാ പിശാച് വംശജരുടെ രാജാവായിരുന്നു അദ്ദേഹം. പർവ്വതങ്ങളുടെ രാജാവായതിനാൽ ഗിരീശൻ എന്നും അറിയപ്പെട്ടു. പാർവ്വതിയായിരുന്നു ശിവന്റെ പത്നി. അതായത് പർവ്വതവംശജയായ സ്ത്രീ. പർവ്വതരാജാവ് പർവ്വതവംശജയെ വിവാഹം കഴിക്കുന്നത് സ്വാഭാവികം മാത്രം.

മഹാഭാരതത്തിന്റെ ചില പരാമർശനങ്ങളിൽ നിന്നും ശിവൻ ഒരു ഐതിഹാസികനായ മനുഷ്യനായിരുന്നുവെന്ന് സിദ്ധിക്കുന്നു. പാശുപതാസ്ത്രം നേടുന്നതിനായി അർജ്ജുനൻ ഹിമാലയത്തിലേക്ക് പോവുന്നു. ശിവനിൽനിന്ന് ഈ ആയുധം അദ്ദേഹം കരസ്ഥമാക്കുന്നു. ശിവൻ അർജ്ജുനനെ വിധിയാംവണ്ണം പരീക്ഷിച്ചറിഞ്ഞശേഷം ഈ ദിവ്യാസ്ത്രത്തെ നൽകുന്നു. മഹാഭാരതത്തിൽ ഒരിടത്ത് ശിവനും ശ്രീകൃഷ്ണനുമായുള്ള യുദ്ധത്തിന്റെ വർണ്ണനയുണ്ട്. ബാണാസുരന്റെ പുത്രിയായ ഉഷയും ശ്രീകൃഷ്ണന്റെ പൗത്രനായ അനിരുദ്ധനും തമ്മിൽ വിവാഹം നടന്ന അവസരത്തിൽ ബാണാസുരൻ ശ്രീകൃഷ്ണനുമായി യുദ്ധം ചെയ്യുന്നുണ്ട്. ശിവൻ ഈ യുദ്ധത്തിൽ ബാണാസുരനെ സഹായിക്കുന്നുണ്ട്. ഈ യുദ്ധത്തിൽ ശിവൻ പരാജിതനാവുന്നു.

ശിവനെ 'ക്രതുധ്വംസി' എന്നു വിളിക്കാറുണ്ട്. യജ്ഞത്തെ നശിപ്പിക്കുന്നവൻ എന്നാണിതിനർത്ഥം. സ്വധർമ്മിയായ ആരും ഇത് ചെയ്യില്ല. അസുരന്മാരേയും രാഷസന്മാരേയും ശിവൻ സഹായിച്ചിരുന്നതായി കാണാം. ബാണാസുരനേപോലുള്ള അനേകം അസുരന്മാരെ ശിവൻ സഹായിച്ചിട്ടുണ്ട്. ആദ്യകാലത്ത് ശിവൻ ദേവപക്ഷത്തോ ആര്യന്മാരുടെ പക്ഷത്തോ ആയിരുന്നില്ല. സ്വതന്ത്രമായി തന്റെ രാജ്യം ഭരിച്ചുവരികയായിരുന്നു. എന്നാൽ വിഷ്ണുവിന്റെ ശക്തമായ ഇടപെടലുകൾവഴി ആദ്ദേഹത്തിന് പരാജയങ്ങൾ നേരിട്ടുകൊണ്ടിരുന്നു. അങ്ങനെ അവസാനകാലത്ത് ശിവൻ ദേവപക്ഷക്കാരനായി തീർന്നു.

(തുടരും)

പത്രാധിപർ



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം - 3 വേദനാംനിത്യത്വ വിചാരഃ

**അ**ത്രോച്യതെ - നാകാശവത് (പൂർവ്വസ്ഥിതസ്യാപ്യാകാശസ്യ ന കദാചിദഭിവ്യക്തിർഭവത്യതോ *f* യം ദൃഷ്ടാന്തോ നോപപദ്യതെ| അതോ *f* ത്ര തമസി പൂർവ്വാവസ്ഥിതസ്യ ദ്രവ്യസ്യ പ്രദീപാദിസാധനാഭാവേ *f* ഭിവ്യക്തിർന ഭവതി തഥൈവ.... പാഠോനുസന്ധേയഃ) പൂർവ്വസ്ഥിതസ്യ ശബ്ദസ്യ സാധനാഭാവാദഭിവ്യക്തിർഭവതി. കിന്തുത സ്യപ്രാണവാക്ക്രിയയാ *f* ഭിവ്യക്തിശ്ച ('ഭിവ്യക്തിർഭവതി' ഇത്യേവം പാഠോ *f* ത്ര യുക്തതരഃ സ്യാത്|) തദ്വഥാ ഗൗരിത്യത്ര യാവദ്വാഗ് ഗകാരേ *f* സ്തി, ന താവദൗകാരേ, യാവദൗകാരേ, ന താവദ് വിസർജനിയേ| ഏവം വാക്ക്രിയോച്ചാരണസ്യാപായോപജനൗ ഭവതഃ ന ച ശബ്ദസ്യാഖണ്ഡൈകരസസ്യ, തസ്യ സർവ്വത്രോപലബ്ധത്വാത്| യത്രഖലു വയുവാക്ക്രിയേ ന ഭവതസ്തത്രോച്ചാരണശ്രവണെ അപി ന ഭവതഃ| അതഃ ശബ്ദസ്ത്വാകാശവദേവ സദാ നിത്യോ *f* സ്തിത്യാദിവ്യാകരണമതേന സർവ്വേഷാം ശബ്ദാനാം നിത്യത്വമസ്തി, കിമുത വൈദികാനാമിതി.|

**ഭാവാർത്ഥം:**

**ചോദ്യം : ശബ്ദവും ഉച്ചാരണത്തിനുശേഷം നഷ്ടമായിതീരുന്നു. ഉച്ചാരണത്തിനുമുമ്പ് കേൾക്കാനുമാവുന്നില്ല. ഉച്ചാരണക്രിയ അനിത്യമാണ്. അതിനാൽ ശബ്ദവും അനിത്യമായിരിക്കണം. പിന്നെങ്ങനെ ശബ്ദത്തെ നിത്യമായി കണക്കാക്കണം.**

**ഉത്തരം :**ശബ്ദം ആകാശത്തേപ്പോലെ എല്ലായിടത്തും നിറഞ്ഞിരിക്കുന്നു. എന്നാൽ ഉച്ചാരണ ക്രിയ ഇല്ല എങ്കിൽ കേൾക്കുന്നുമില്ല. പ്രാണനും വാക്കും ചേർന്ന് ക്രിയ ചെയ്യുമ്പോഴേ ശബ്ദം കേൾക്കപ്പെടുന്നുള്ളു. എന്തെന്നാൽ 'ഗൗ' എന്നു പറയുമ്പോൾ 'ഔ' കാരമോ 'ഔ' കാരം ഉച്ചരിക്കുന്ന സമയത്ത് വിസർഗ്ഗമോ പുറപ്പെടുന്നില്ല. ഇങ്ങനെ വാക്കും പ്രാണനും ചേർന്നുനടത്തുന്ന ഉച്ചാരണ ക്രിയക്കാണ് ഉൽപ്പത്തിയും നാശവും ഉണ്ടാവുന്നത്. ശബ്ദങ്ങൾക്കല്ല എന്നർത്ഥം. എന്നാൽ ആകാശത്ത് ശബ്ദം ഉണ്ടാവുമ്പോൾ അത് അഖണ്ഡവും ഏകരസവും ആയതിനാൽ അവിടെ വായുവും വാണിയും ചേർന്നുള്ള ക്രിയ ഉണ്ടാവാത്തപ്പോൾ ശബ്ദത്തിന്റെ ഉച്ചാരണവും ശ്രവണവും ഉണ്ടാവുന്നില്ല. അതുകൊണ്ട് ശബ്ദം ആകാശത്തേപ്പോലെ എന്നും നിത്യമാണ്. വ്യാകരണ ശാസ്ത്രമനുസരിച്ച് ശബ്ദം നിത്യമാണ്. അപ്പോൾ വേദങ്ങളിലെ ശബ്ദത്തേക്കുറിച്ചെന്തുപറയാൻ? എന്തെന്നാൽ വേദങ്ങളിലെ ശബ്ദങ്ങൾ എല്ലാ പ്രകാരത്തിലും നിത്യമായതാണ്.

(തുടരും)

***ഭദ്രാ രാതിഃ (സാമം 111)***
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം



ഇത്തരത്തിൽ മനുഷ്യരുടെ ഗുണകർമ്മാനുരൂപമായ വ്യവസ്ഥ സ്വായംഭുവ മനുവിന്റെ സമയം വരെ നിലനിന്നിരുന്നു. മനുവിന് 10 പുത്രന്മാരുണ്ടായി.

**മരീചിമത്ര്യംഗിരസൗ പുലസ്ത്യം പുലഹം ക്രതുമ്।**
**പ്രചേതസം വസിഷ്ഠം ച ഭൃഗും നാരദ മേവച॥**
**ഏതേ മനുസ്തു സപ്താന്യാനസൃജൻ ഭൂരിതേജസഃ।**
**ദേവാൻ ദേവനികായാശ്ച മഹർഷീശ്ചാമിതൗജസഃ॥**


(മനുസ്മൃതി 1.35, 36)

സ്വായംഭുവ മനുവിന്റെ പുത്രനായ മരീചിയാണ് ആദ്യത്തെ ക്ഷത്രിയ രാജാവ്. അദ്ദേഹത്തെ തുടർന്ന് ഹിമാലയപ്രദേശത്ത് ആറ് ക്ഷത്രിയ രാജപരമ്പര കൾ ഉണ്ടായി. അതിനുശേഷം ഇഷ്വാകു രാജാവ് രാജ്യഭാരമേറ്റു. കലാകൗശല വിദ്യകളുടെ നിർമ്മാണം നടത്തുന്ന വിശ്വകർമ്മാവ് എന്ന ഒരു പുരുഷൻ ഉണ്ടായി. വിശ്വകർമ്മാവ് എന്നത് ഈശ്വരന്റെ ഒരു പേരാണ്. ആ പേരിലുള്ള ഒരു ശിൽപ്പകാരനുമുണ്ടായിരുന്നു. വിമാനമുണ്ടാക്കുന്നതിനുള്ള വിദ്യ അദ്ദേഹം വികസിപ്പിച്ചെടുത്തു. ഈ വിമാനത്തിലിരുന്ന് ആര്യന്മാർ വിവിധ സ്ഥലങ്ങളിൽ യാത്രകൾ നടത്തി. ബ്രഹ്മദേവന്റെ പുത്രൻ വിരാടും അദ്ദേഹത്തിന്റെ പുത്രന്മാർ വിഷ്ണുവും സോമസദും ആയിരുന്നു. അഗ്നിഷ്യാത്തന്റെ പുത്രൻ മഹാദേവനുമായിരുന്നു. ഈ വിഷ്ണുവും മഹാദേവനും ബ്രഹ്മാവും ക്രമേണ ത്രിമൂർത്തികൾ എന്ന പേരിൽ അറിയപ്പെട്ടു. മന്ദ-സുഗന്ധശീതളവായു ധാരാളമുണ്ടായിരുന്നതും രമണീയ വനസ്പതികൾ വളർന്നുവന്നതും സ്ഫടികസദൃശം ജലമുള്ളതുമായ ആ ഹിമാലയത്തിന്റെ ഉന്നത ശിഖരങ്ങളിൽ വിഷ്ണുതാമസമുറപ്പിച്ചു. ആ സ്ഥലം വൈകുണ്ഠമെന്നറിയപ്പെട്ടു. മഞ്ഞുമലകളാൽ മൂടിയ ഭയങ്കരമായ ഉയർന്ന പ്രദേശത്ത് മഹാദേവൻ താമസമാക്കി. ആ സ്ഥലം കൈലാസമെന്ന പേരിൽ പ്രസിദ്ധമായി. പിന്നീട് വിഷ്ണു, മഹാദേവൻ എന്നിവരുടെ പേരിൽ രണ്ടു കുലങ്ങൾ ഉണ്ടായിവന്നു. ഈ വിഷ്ണുവും മഹാദേവനും ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുന്നത് ശരിയല്ല. ഭോഷ്കാണത്.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 — പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

**179-ാം** അദ്ധ്യായം മുതൽ 212 വരെയുള്ള അദ്ധ്യായങ്ങൾ ഭഗവാൻ വിഷ്ണുവിന്റെ വിവിധ ലീലകളെക്കുറിച്ചുള്ള വർണ്ണനകളാണ്. പരശുരാമാവതാരം, ശ്രീരാമന്റെ കഥ, ഭാവിയിൽ മുറാദാബാദ് ജില്ലയിൽ സംഭൽ ഗ്രാമത്തിൽ ഉണ്ടാവാൻ പോകുന്ന കൽക്കി ഭഗവാന്റെ അവതാരം എന്നിവയും സംക്ഷിപ്തമായി പറയുന്നുണ്ട്.

ഇതിനുപുറമെ ശ്രാദ്ധം, പിതൃകൽപ്പം, വർണ്ണാശ്രമധർമ്മം, യോഗദർശനത്തിലെ സിദ്ധാന്തങ്ങൾ വിദ്യ-അവിദ്യ തുടങ്ങിയ ദാർശനിക വിഷയങ്ങളും സംക്ഷിപ്തമായി ഈ പുരാണത്തിൽ പറയുന്നുണ്ട്.

ഭാരതവർഷത്തിന്റെ മഹിമയെ നന്നായി വർണ്ണിക്കുന്നുമുണ്ടിതിൽ. ഈ പുരാണത്തിലെ പ്രസിദ്ധമായ ഒരു ശ്ലോകം ഇങ്ങനെയാണ്.

ഗായന്തി ദേവാഃ കില ഗീതകാനി।
ധന്യാസ്തുതേ ഭാരത ഭൂമി ഭാഗേ।
സ്വർഗ്ഗാ പവർഗ്ഗാസ്പദ ഹേതു ഭൂതേ
ഭവന്തി ഭൂയഃ പുരുഷാമനുഷ്യ (19-25)

## 2. പത്മപുരാണം

പുരാണസാഹിത്യത്തിൻ പത്മപുരാണത്തിന്റെ സ്ഥാനം വളരെ വലുതാണ്. അമ്പതിനായിരത്തോളം ശ്ലോകങ്ങളുള്ള ഈ പുരാണം സ്കന്ദപുരാണ മൊഴിച്ചാൽ മറ്റു പുരാണങ്ങളേക്കാളെല്ലാം വിസ്തൃതവും വിശാലവുമാണ്. തീർത്ഥങ്ങൾ, വ്രതങ്ങൾ, വിഷ്ണുവിനെ സംബന്ധിക്കുന്ന ആഖ്യാനങ്ങൾ എന്നിവ ഇതിൽ പ്രാധാന്യത്തോടെ നൽകിയിരിക്കുന്നു. (ആഖ്യാനങ്ങൾ - ഉപാഖ്യാനങ്ങൾ എന്നിവയുടെ അർത്ഥങ്ങൾ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഒരു വ്യക്തി നേരിട്ടു കണ്ട സംഭവങ്ങൾ ആഖ്യാനവും മറ്റുള്ളവരിൽനിന്ന് കേട്ടറിഞ്ഞത് ഉപാഖ്യാനവുമാണ്). പദ്മപുരാണത്തിൽ പ്രസിദ്ധങ്ങളായ ആഖ്യാനങ്ങളും ഉപാഖ്യാനങ്ങളുമുണ്ട്. ബലി-വാമന ആഖ്യാനം, ശകുന്തളോപാഖ്യാനം, നന്ദാ ധേനൂ ഉപാഖ്യാനം, ഗായത്രീ - സാവിത്രീ ഉപാഖ്യാനം എന്നിവ പ്രസിദ്ധമാണ്. ഈ പുരാണത്തിന്റെ രണ്ടുപതിപ്പുകൾ ലഭ്യമാണ്. 1. ദേവനാഗരിസംസ്കരണം 2. ബംഗാളി സംസ്കരണം. ഇതിന്റെ അടിസ്ഥാനത്തിൽ അഞ്ച് ഖണ്ഡങ്ങളുണ്ടിതിൽ.

1. സൃഷ്ടി, 2. ഭൂമി, 3. സ്വർഗ്ഗം, 4. പാതാളം, 5. ഉത്തരഖണ്ഡം എന്നിവയാണിവ.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



# ദ്രൗപദിയും പഞ്ചപതികളും

**അമർസ്വാമി സരസ്വതി**
**തർജ്ജമ: കെ.എം.രാജൻ**

(ആര്യസമാജത്തിലെ പ്രശസ്ത പണ്ഡിതനും ശാസ്ത്രാർത്ഥമഹാരഥിയുമായിരുന്ന അമർസ്വാമി സരസ്വതിയുടെ 'കോൻ കഹ്താ ഹേ ദ്രൗപദീ കേ പാഞ്ച് പതി ഥേ?' എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷയാണിത്. -പത്രാധിപർ)

## പ്രസ്താവന

നമ്മുടെ പ്രാചീനഗ്രന്ഥങ്ങളിൽ സ്വാർത്ഥികളായ വ്യക്തികൾ വളരെയധികം കൂട്ടിച്ചേർക്കലുകൾനടത്തിയിട്ടുണ്ട്. അതിനാൽ അതിലെ പ്രക്ഷിപ്തങ്ങളുടെ ഇടയിൽനിന്ന് യഥാർത്ഥവസ്തുത കണ്ടെത്തുക വളരെ കഠിനമായിരിക്കുന്നു.

സ്മൃതികൾ, ഗൃഹ്യസൂത്രങ്ങൾ, ശ്രൗത സൂത്രങ്ങൾ, ഉപനിഷത്തുകൾ, ആരണ്യകങ്ങൾ, ബ്രാഹ്മണഗ്രന്ഥങ്ങൾ തുടങ്ങിയവയിൽ പ്രക്ഷിപ്തങ്ങൾ വളരെയധികം ഉള്ളതിനാൽ അവയുടെ ശുദ്ധമായ സ്വരൂപം വേർതിരിച്ചു കാണുക വളരെ ദുഷ്കരമായിരിക്കുന്നു. സത്യഗ്രന്ഥങ്ങളുടെ പേരിൽ അസത്യഗ്രന്ഥങ്ങൾ ധാരാളം പ്രചരിക്കുന്നു.

ശരിയായ ഗ്രന്ഥങ്ങളെ തിരിച്ചറിയുക വളരെ ബുദ്ധിമുട്ടേറിയതായിരിക്കുന്നു. നമ്മുടെ മഹത്തായ ഇതിഹാസങ്ങളായ വാല്മീകി രാമായണവും മഹാഭാരതവും അനേകം പ്രക്ഷിപ്തങ്ങൾ നിറഞ്ഞതാണ്. അതിനാൽ പല ഗവേഷകരും ഇവ മിഥ്യയാണെന്ന് പ്രചരിപ്പിക്കുന്നുമുണ്ട്.

സംസ്കൃതസാഹിത്യത്തിലെ പുരാണങ്ങൾ (കപടപുരാണങ്ങൾ) മൂലമാണ് നമ്മുടെ ഇതിഹാസകാവ്യങ്ങൾ ഇത്രയധികം വികലമാക്കപ്പെട്ടത്.

'ആരു പറഞ്ഞു ദ്രൗപതിക്ക് 5 പതിമാരുണ്ടായിരുന്നുവെന്ന്' എന്ന ഈ പുസ്തകത്തിൽ മഹാഭാരതം മുഴുവനും അരിച്ചുപെറുക്കി ദ്രൗപതിക്ക് ഒരേസമയം 5 പതിമാർ ഉണ്ടായിരുന്നുവോ എന്ന് അന്വേഷിക്കുകയാണ്.

ഇപ്പോൾ ലഭ്യമായ മഹാഭാരതത്തിലും പുരാണങ്ങളിലും പാഞ്ചാലദേശത്തെ മഹാരാജാവായിരുന്ന ദ്രുപദന്റെ പുത്രിയായതിനാൽ 'കൃഷ്ണ' ക്ക് ദ്രൗപദി എന്ന പേര് വന്നു എന്നു പറയുന്നു. പാണ്ഡുപുത്രന്മാരായ യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നിവർ ദ്രൗപദിയുടെ ഭർത്താക്കന്മാരായിരുന്നു എന്നു പറയുന്നു. അതായത് ദ്രൗപതി ഈ 5 പേരെ വിവാഹം കഴിച്ചുവെന്ന്.

മഹാഭാരതത്തിലും പുരാണങ്ങളിലും ദ്രൗപദിക്ക് അഞ്ചും ജടിലാ ഗൗതമിക്ക് ഏഴും മാരിഷാവാക്ഷിക്ക് പത്തും ദിദ്യാദേവിക്ക് ഇരുപത്തൊന്നും ഭർത്താക്കന്മാരുണ്ടായിരുന്നതായി എഴുതി പിടിപ്പിച്ചിരിക്കുന്നു.

(തുടരും)

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരു പാഠശാല

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



**അ**ദ്ദേഹം വലിയ ആളാണ്. ഇവിടെ ടാറ്റാ കമ്പനിയിലെ ചീഫ് എൻജിനീയറാണ്. ചേലക്കരക്കാരൻ സ്വാമിയാണദ്ദേഹം. ഇവിടെ അടുത്തുതന്നെയാണ് താമസം. ഭാര്യയും ഒരു കൊച്ചുകുഞ്ഞും മാത്രമേയുള്ളൂ. അവർക്കവിടെ വീട്ടുകാര്യങ്ങൾക്ക് ഒരു സഹായിയേ വേണമത്രെ. തനിക്ക് അരിവെക്കാനും മറ്റും അറിയുമോ? അറിയില്ലെങ്കിൽ അമ്യാര് പറഞ്ഞുതരും. മാന്യമായ ശമ്പളവും താമസസൗകര്യവുമെല്ലാം കിട്ടും. വലിയ വിശാലമായ ഫ്ളാറ്റാണ്. ആൾ വളരെ നല്ലവനാ. മനസ്സിനിണങ്ങിയാൽ തന്റെ ഭാവി ഉന്നതിക്ക് എന്തും ചെയ്തു തരുന്ന മാന്യദേഹമാണദ്ദേഹം. ഇതിനുമുമ്പ് നിന്നിരുന്നയാളെ അദ്ദേഹം പഠിപ്പിച്ച് ടൈപ്പിസ്റ്റാക്കി. ആ ഒഴിവിലേക്കാണ് തന്നെ ഇപ്പോൾ വിളിക്കുന്നത്. നേരെനിന്നാൽ ഒരു വഴിയുണ്ടാക്കിത്തരും. ഈ ഹോട്ടൽ പണി പറ്റില്ല്യ. അതുകൊണ്ട് പൊയ്ക്കോളൂ. അദ്ദേഹത്തിന്റെ കൂടെ. നാളെ ഓഫീസിൽനിന്നു വരുമ്പോൾ അദ്ദേഹമിതിലെ വരും. എന്താ, പറ്റില്ലേ? മാനേജർ ഉപദേശിച്ചു.

പാച്ചന് സന്തോഷമായി. അയാൾ സമ്മതം മൂളി. പിറ്റേന്ന് പറഞ്ഞപോലെ അദ്ദേഹം വന്നു. കാറിലാണ് വരവ്. മാനേജർ പാച്ചനോട് സാമാനമെല്ലാം എടുത്ത് വരാൻ പറഞ്ഞു. 'ദ്' എന്റേ പേര് നാറിക്കരുതെ! സത്യസന്ധമായി പെരുമാറണം ട്ടോ, പോയി നന്നായ് വരൂ- മാനേജർ അനുഗ്രഹാശംസകളോടെ യാത്രയാക്കി. പാച്ചൻ മാനേജരുടെ കാൽ തൊട്ട് വന്ദിച്ച് യാത്രപറഞ്ഞു. രണ്ടുമാസത്തെ സേവനത്തിന് പാച്ചന് മാനേജർ 100 രൂപ കയ്യിൽ വെച്ചുകൊടുത്തു.

"ഇതെന്താ, രണ്ടു മാസത്തേക്ക് 10 രൂപ പ്രകാരം 20 രൂപയല്ലേ വേണ്ടു." പാച്ചനത്ഭുതപ്പെട്ടു.

"ബാക്കി തന്റെ സൽസ്വഭാവത്തിനുള്ള സമ്മാനമാണ്. നന്നായി വരാൻ ഈശ്വരാധീനമുണ്ടാവട്ടെ. നല്ലവന്റെ അന്നം മുട്ടിക്കാറില്ല ദൈവം. എന്നാൽ ശരി, ദീർഘായുഷ്മാൻ ഭവ" കാറിലിരിക്കുന്ന സ്വാമിയുടെ നേരെ കൈകൂപ്പി മാനേജർ മടങ്ങി.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*

***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***

(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**യോ**ഗദർശനത്തിൽ വൈരാഗ്യത്തിന് രണ്ടുതലങ്ങളുണ്ടെന്ന് പറയുന്നുണ്ട്. ആദ്യതലത്തിൽ ഉള്ളത് അപരവൈരാഗ്യവും ഉന്നതതലത്തിലുള്ളത് പരാവൈരാഗ്യവുമാണ്. ഇവിടെ കണ്ട്-അറിഞ്ഞ്-അനുഭവിച്ച് രൂപ, രസ, സ്പർശാദികളെ ആനുശ്രവികമാക്കി-കേട്ട ദിവ്യാദിവ്യ വിഷയങ്ങളോട് രാഗ-ദ്വേഷ ഭാവങ്ങൾ ഇല്ലാതാക്കി മനസ്സിനെ തന്റെ വശത്താക്കി കിട്ടുന്ന അനുഭുതിയാണ് 'അപരാവൈരാഗ്യം', സംപ്രജ്ഞാത യോഗപ്രാപ്തിക്കുള്ള മുഖ്യ ഉപായമിതാണ്.

സംപ്രജ്ഞാത യോഗത്തിന്റെ ഉച്ചസ്ഥിതിയിൽ 'വിവേക ഖ്യാതി' ഉൽപ്പന്നമാവും. ആ വിവേകഖ്യാതിക്കും സത്വഗുണത്തിന്റെ ധർമ്മം എന്നറിഞ്ഞ് സാധകന് അതിൽനിന്നും വിരക്തി ഉണ്ടാവുന്നത് പരാവൈരാഗ്യം. ഇത് അസംപ്രജ്ഞാത യോഗപ്രാപ്തിക്കുള്ള മുഖ്യ ഉപായമാണ്.

വൈരാഗ്യ പ്രാപ്തിക്ക് സാധകന് ഈശ്വര പ്രണിധാനം - ഈശ്വര സമർപ്പണത്തിന്റെ പ്രത്യേക അഭ്യാസം ചെയ്യേണ്ടതുണ്ട്.

'ഈശ്വരപ്രണിധാന' മെന്നാൽ സമസ്തകർമ്മങ്ങളും പരമഗുരുവായ ഈശ്വരനിൽ സമർപ്പിച്ച് അവയുടെ ലൗകിക ഫലങ്ങളെ ആഗ്രഹിക്കാതിരിക്കണം. ഈശ്വരപ്രാപ്തിക്ക് ഇത് വിശിഷ്ട ഉപായമാണ്. ഓരോ സാധകനും ഉന്നത നിലയിൽ ഇതിന്റെ അനുഷ്ഠാനം തീർച്ചയായും ചെയ്യണം.

### യോഗത്തിന്റെ ഭേദം

മുഖ്യമായും യോഗത്തിന് രണ്ടു ഭേദങ്ങളുണ്ട്.

1. സംപ്രജ്ഞാതം 2. അസംപ്രജ്ഞാതം

1. **സംപ്രജ്ഞാത സമാധി** : 'സമ്യക് പ്രജ്ഞായതെ *f* സ്മിന്നിതി സംപ്രജ്ഞാതഃ' സ്ഥൂലഭൂതം തൊട്ട് മഹത്തത്ത്വപര്യന്തമുള്ള പ്രാകൃതിക വിഷയങ്ങളേയും ആത്മാവ് തുടങ്ങിയ പദാർത്ഥങ്ങളേയും ശരിയായി അറിയാൻ കഴിയുന്നതെന്തോ അതാണ് 'സംപ്രജ്ഞാത സമാധി എന്നു പറയുന്നത്. ഇതിൽ ചിത്തത്തെ രാജസിക, താമസിക വൃത്തികളിൽനിന്ന് തടഞ്ഞുനിർത്തി കേവലം സാത്വികമായ വൃത്തികളുടെ മാധ്യമത്താൽ ദീർഘകാലം വരെ നിശ്ചിത പദാർത്ഥങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ ചിത്തത്തെ സ്ഥിരമാക്കി നിർത്തി അതിന്റെ സ്വരൂപത്തെ അറിയാനാവും.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8. 1. 8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



ത്രയാ ദേവാ *f* ഏകാദശ 'ദേവാ ദേവൈരവന്തു മാ|
(യജുർവ്വേദം 20.11)
യസ്യസ്ത്രിംശദ്ദേവ 'ബ്രഹ്മവിദോ വിദുഃ| (അഥർവ്വം 10.7.27)
ത്രയസ്ത്രിംശദ്ദേവതാസ്ത്രീണി 'കൃണവദ് വീര്യാണി'|
(അഥർവ്വം 19.27.10)
യസ്യത്രയസ്ത്രിംശദ് ദേവാ 'സിദേവ സഃ '|(അഥർവ്വം 10.7.13)
യസ്യത്രയസ്ത്രിംശദ് ദേവാ 'ദേവാ അഭിരക്ഷഥ'|
(ഋഗ്വേദം 10.7.23)
യേ ത്രിംശതി ത്രയസ്പരോ ദേവാസോ ബർഹിരാസദൻ|
( ഋഗ്വേദം 8.28.1)
യേ സ്ഥ ത്രയശ്ച ത്രിംശശ്ച|(ഋഗ്വേദം 8.30.2)
വിശ്വേ ദേവാസ്ത്രയ ഏകാദശാസഃ|(ഋഗ്വേദം 9.92.4)
ഗിർവണസ് ത്രയസ്ത്രിംശതമാ വഹ |(ഋഗ്വേദം 1.45.2)
പത്നീവതസ്ത്രിംശതം ത്രീംശ്ച ദേവാൻ|(ഋഗ്വേദം 3.6.9)

ഇതെല്ലാം വേദസുഭാഷിതങ്ങളാണ്. സ്വന്തമായിട്ടുള്ള പ്രത്യേക ദിവ്യഗുണങ്ങളാൽ ഇവയെ 33 ദേവതകൾ എന്നു വിളിക്കുന്നു. ദേവകളുടെ ദേവനായ പരമപിതാവായ മഹാദേവനെ 34-ാം മത്തെ ദേവനായി കണക്കാക്കുന്നു. എല്ലാ മനുഷ്യർക്കും ഉപാസനക്കുയോഗ്യനായിട്ടുള്ള ഒരേഒരാൾ പരമേശ്വരൻ മാത്രമാണ്.

**ചോദ്യം 70: സിദ്ധികൾ എന്നാൽഎന്താണ്? അവ എങ്ങനെയാണ് നേടിയെടുക്കുന്നത്? യോഗത്തിന്റെ സർവ്വശ്രേഷ്ഠസിദ്ധി എന്താണ്?**

**ഉത്തരം :** ഏതെങ്കിലും വസ്തുവിനെ നേടിയെടുക്കുക എന്നതാണ് സിദ്ധി. ഭൗതികവസ്തുക്കളുടെ സിദ്ധിപരിശ്രമം കൊണ്ട് സാധിക്കും. എന്നാൽ ആത്മാ - പരമാത്മാ തത്ത്വങ്ങളുടെ സിദ്ധിക്കായി യോഗാഭ്യാസം അത്യാവശ്യമാണ്. യോഗസാധനയില്ലാതെ ആത്മാവിന്റെയും പരമാത്മാവിന്റെയും അനുഭൂതി ഒരിക്കലും സിദ്ധിക്കുകയില്ല. ആദ്യമായി ഏതു വസ്തുവാണോ പ്രാപ്തമാകേണ്ടത് അതിനേപ്പറ്റി യഥാർത്ഥ ജ്ഞാനമുണ്ടായിരിക്കണം. ഇപ്രകാരം ജ്ഞാനപ്രാപ്തിക്കുശേഷം കർമ്മത്തിന്റെ ആവശ്യം വരുന്നു. അവസാനം ആ വസ്തുവിന്റെ പ്രാപ്തിക്കായി ആ വസ്തു എവിടേയാണോ അവിടെ ഉപസ്ഥിതമായിരിക്കേണ്ടിയും വരുന്നു. അതുകൊണ്ട് ശുദ്ധജ്ഞാനം, ശുദ്ധകർമ്മം, ശുദ്ധോപാസന എന്നിവയാൽ ആ പരമതത്ത്വമായ പരമേശ്വരനെ പ്രാപിക്കാൻ സാധിക്കുന്നു. യോഗാഭ്യാസത്താലുള്ള അന്തഃകരണ ശുദ്ധികൊണ്ടേ സർവ്വശ്രേഷ്ഠ സിദ്ധി അതായത് ഈശ്വര സാക്ഷാത്ക്കാരം സാധ്യമാവുകയുള്ളു.

**(തുടരും)**

***ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)***
***മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല***

(മുൻ ലക്കത്തിന്റെ തുടർച്ച)



# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

വിദ്യാർത്ഥികളും ആചാര്യന് പ്രസന്നതയുണ്ടാക്കുന്ന കർമ്മങ്ങൾ ചെയ്ത് അദ്ദേഹത്തിന്റെ ആത്മാവിനെ സന്തുഷ്ടമാക്കി വിദ്യായുക്തന്മാരായി സദാ പ്രസന്നരായിരിക്കണം. രാവും പകലും പഠനത്തിൽ മാത്രം ചിന്തിച്ച് പരസ്പരം വിദ്യാഭിവൃദ്ധിയുണ്ടാക്കണം. അധർമ്മം, വിഷയലോലുപത എന്നിവയെ പറ്റി ചർച്ച നടക്കുന്നിടത്ത് നിൽക്കരുത്. എവിടേയാണ് വിദ്യ, ധർമ്മം എന്നിവയെപറ്റി ചർച്ച നടക്കുന്നത്. അവിടെ നിന്ന് മാറിനിൽക്കുകയുമരുത്. രോഗം, വീര്യനാശം, പ്രമാദം എന്നിവുണ്ടാക്കാത്ത രീതിയിലാവണം ഭക്ഷണവും നടപ്പും. ബുദ്ധിനാശം വരുത്തുന്ന മയക്കുമരുന്നുകളുടെ ഉപയോഗം ഒരിക്കലും ചെയ്യരുത്. എന്നാൽ ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതും രോഗനാശകവുമായ പദാർത്ഥങ്ങളെ സദാ ഉൾക്കൊള്ളുകയും വേണം. ദിവസവും പരമേശ്വരന്റെ ധ്യാനം, യോഗാഭ്യാസം, ബുദ്ധിയുടെ പോഷണം ചെയ്യുകയും സത്യധർമ്മനിഷ്ഠയോടെ അധർമ്മത്യാഗമനുഷ്ഠിക്കുകയും ചെയ്യണം. പഠനത്തിന് വിഘ്നമുണ്ടാക്കുന്ന കർമ്മങ്ങളെ വെടിഞ്ഞ് സമ്പൂർണ്ണ വിദ്യയെ പ്രാപിക്കുക എന്നിവയെല്ലാമാണ് രണ്ടുകൂട്ടരുടെയും ഗുണകർമ്മങ്ങൾ.

**ചോദ്യം: സത്യാസത്യങ്ങളുടെ നിർണ്ണയം എപ്രകാരമാണ് ചെയ്യുക. എന്തെന്നാൽ ഒരാൾ സത്യമെന്ന് പറയുന്നത് മറ്റൊരാൾ അസത്യമായി പറയാം. അവ നിർണ്ണയിക്കാനുള്ള നിശ്ചിത മാർഗ്ഗങ്ങൾ ഏതെല്ലാമാണ്?**

**ഉത്തരം :**അഞ്ചുമാർഗ്ഗങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് ഈശ്വരനും ഈശ്വരന്റെ ഗുണകർമ്മസ്വഭാവങ്ങളും വേദവിദ്യയുമാണ്. രണ്ടാമത്തേത് സൃഷ്ടിക്രമം. മൂന്നാമത്തേത് പ്രത്യക്ഷാദി 8 പ്രമാണങ്ങൾ. നാലാമത്തേത് ആപ്തപുരുഷന്മാരുടെ ആചരണങ്ങൾ, ഉപദേശങ്ങൾ, ഗ്രന്ഥങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവ. അഞ്ചാമത്തേത് സ്വന്തം ആത്മാവിന്റെ സാക്ഷി (മനഃസാക്ഷി) അനുകൂലത, ജിജ്ഞാസുത, പവിത്രത, വിജ്ഞാനം എന്നിവയാണ്.

ഈശ്വരാദികളാൽ നിർണ്ണയിക്കുക എന്നാൽ ഈശ്വരൻ, ഈശ്വരന്റെ ന്യായം മുതലായ ഗുണങ്ങളാലും പക്ഷപാതരാഹിത്യം. സൃഷ്ടികർമ്മത്തിന്റേയും സത്യം, ന്യായം, ദയാലുത, പരോപകാരത തുടങ്ങിയ സ്വഭാവങ്ങളും വേദോപദേശത്താൽ സത്യം, ധർമ്മം എന്നിവ നിർണ്ണയിക്കപ്പെട്ടാൽ അവ സത്യധർമ്മമാണെന്നറിയുകയും, അസത്യവും അധർമ്മവുമാണെന്ന് നിർണ്ണിയക്കപ്പെട്ടാൽ അങ്ങനെതന്നെ സ്വീകരിക്കുക എന്നിവയെല്ലാം ഇതിൽപെടും. കാരണവും കർത്താവും ഇല്ലാതെ കാര്യമുണ്ടാകുമെന്ന് ആരെങ്കിലും പറഞ്ഞാൽ അത് സർവ്വഥാ അസത്യമാണെന്നും ഈശ്വരന്റെ ഗുണകർമ്മസ്വഭാവങ്ങൾ, വേദം , സൃഷ്ടിക്രമം എന്നിവയിലൂടെ മാത്രമെ നിശ്ചിതമായി അറിയാനാവൂ എന്നും ഇതിൽനിന്ന് സിദ്ധിക്കുന്നു.

(തുടരും)

***തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)***
***ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !***

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 2 — വേദവും ശൂദ്രനും

**ഈ** മന്ത്രത്തിലെ ഉപമയിൽനിന്നും ഉൾക്കൊള്ളേണ്ടത്, എങ്ങനേയാണോ ശരീരത്തിലെ ഈ നാലംഗങ്ങൾ ചേർന്ന് ഒരു ശരീരമാവുന്നത് അതേപോലെ ബ്രാഹ്മണാദി നാലുവർണ്ണങ്ങൾ ചേർന്ന് സമാജം ഉണ്ടാവുന്നു എന്നാണ്. എപ്രകാരമാണോ ശരീരത്തിലെ നാലംഗങ്ങളും പരസ്പരം സുഖദുഃഖങ്ങൾ അനുഭവിക്കുന്നത്, അതേപോലെ സമാജത്തിലെ നാലുവർണ്ണങ്ങളും ചേർന്ന് മറ്റുള്ളവരുടെ സുഖദുഃഖങ്ങൾ തങ്ങളുടെതായി കണക്കാക്കണം. കാലിൽ മുള്ളുകുത്തിയാൽ അതിന്റെ വേദന മുഖത്ത് അനുഭവപ്പെടും. കൈകൾ സഹായത്തിനായി എത്തിച്ചേരും. അതേപോലെ സമാജത്തിൽ ശുദ്രന് വല്ല കഠിനതകളും വന്നാൽ ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും അയാളെ സഹായിക്കാനോടിയെത്തണം. എല്ലാവർണ്ണങ്ങളുടേയും പരസ്പരം പൂർണ്ണസഹാനുഭൂതിയും കൂട്ടായ്മയും സ്നേഹവും നിരന്തരം നിലനിൽക്കണം. ഈ സൂക്തത്തിലെവിടെയും ശൂദ്രരോട് വിവേചനം കാണിക്കണമെന്നു പറയുന്നില്ല. ചില അജ്ഞാനികളായവർ ഈ പുരുഷസൂക്തത്തിന് തെറ്റായി വ്യഖ്യാനം ചമച്ച് ബ്രാഹ്മണൻ ശിരസ്സാണെന്നും ഏറ്റവും ഉയർന്നതാണെന്നും അഥവാ ശ്രേഷ്ഠനാണെന്നും ശൂദ്രൻ കാൽഭാഗമായതിനാൽ താഴ്ന്നവനാണെന്നും നികൃഷ്ടനാണെന്നും പ്രചരിപ്പിച്ചു. ഇത് തെറ്റായ അർത്ഥമാണ്. കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ് പുരുഷസൂക്തത്തിൽ വർണ്ണിക്കുന്ന വർണ്ണാവ്യവസ്ഥ. ജനനത്തിന്റെ അടിസ്ഥാനത്തിലല്ല.

ഈ സൂക്തത്തിന്റെ മറ്റൊരർത്ഥമിങ്ങനെയാണ്. ഏതൊരു വ്യക്തി, സമാജത്തിൽ ജ്ഞാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നുവോ അപ്പോൾ അയാൾ ബ്രാഹ്മണൻ അഥവാ സമാജത്തിന്റെ ശിരസ്സാകുന്നു. ഏതൊരു വ്യക്തി സമാജത്തിന്റെ സംരക്ഷണത്തിന് നേതൃത്വം നൽകിയാൽ അയാൾ ക്ഷത്രിയൻ അഥവാ സമാജത്തിന്റെ കരങ്ങളാവുന്നു. ഏതൊരാൾ വ്യാപാര-ധനാദികളാൽ സമാജത്തെ സമൃദ്ധമാക്കിയാൽ അയാൾ സമാജത്തിന്റെ ഊരുഭാഗം (തുട) അഥവാ വൈശ്യനാവുന്നു. യഥാർത്ഥത്തിൽ ശുദ്രനാണ് ഈ മൂന്നുവർണ്ണങ്ങളേയും പ്രവർത്തനനിരതനാക്കാൻ ഉറപ്പുള്ള ആധാരമായി തീരുന്നത്.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്‌ലേഖ്റാം

കെ.എം.രാജൻ



സിയാൽകോട്ടിലെ ചില സൈനികർ മുസൽമാന്മാരാവാൻ ശ്രമിക്കുന്നുവെന്നറിഞ്ഞപ്പോൾ ലേഖ്റാമിന് ഒരു നിമിഷംപോലും പിടിച്ചു നിൽക്കാനായില്ല. അദ്ദേഹം പെട്ടെന്ന് സിയാൽകോട്ടിൽ പാഞ്ഞെത്തി. അവിടെ വെച്ച് മൂന്നുദിവസം ഇസ്ലാംമത ഖണ്ഡനം നടത്തി. അതിന്റെ ഫലമായി അനേകം സിഖുകാർ ഇസ്ലാം മതം സ്വീകരിക്കുന്നതിൽനിന്നും രക്ഷപ്പെട്ടു.

സന്ധ്യാവന്ദനം നടത്തുന്ന കാര്യത്തിൽ പണ്ഡിറ്റ് ലേഖ്റാം വളരെ ശ്രദ്ധാലുവായിരുന്നു. ഒരിക്കൽ മഹാത്മാ മുൻഷീറാമുമൊത്ത് (സ്വാമി ശ്രദ്ധാനന്ദൻ) ലേഖ്റാം ലുധിയാനയിൽനിന്ന് ജഗറാവ് വരെ പോവുകയായിരുന്നു. വഴി മദ്ധ്യേ ജലം ഉപയോഗിച്ച് ശൗചാദികൾ ചെയ്തു. എന്നാൽ തിരിച്ചു വരുന്ന സമയം സന്ധ്യയോടടുത്തു. കയ്യും കാലും കഴുകാനുള്ള വെള്ളം എങ്ങും കണ്ടില്ല. സന്ധ്യ ചെയ്യാനുള്ള സമയവുമായി. ലേഖ്റാം സന്ധ്യാവന്ദനം ചെയ്യാനായി ഇരുന്നു. സന്ധ്യാ അനുഷ്ഠിച്ചശേഷം ഒരാൾ തമാശയായി അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു. "അല്ലയോ പണ്ഡിറ്റ് ജി! പേഷവാറി സന്ധ്യ ചെയ്തുവോ?" ദേഹശുദ്ധി വരുത്താത്ത സന്ധ്യാചെയ്തതിനേ പരിഹസിക്കുകയായിരുന്നു അയാൾ. ലേഖ്റാം ഗംഭീരസ്വരത്തിൽ പറഞ്ഞു "നിങ്ങൾ പോപ്പാണ് (മാമൂലുകളിൽ പിടിച്ചു തൂങ്ങുന്നവൻ). സ്നാനമെന്നത് കർമ്മമാണ്. അത് ചെയ്യുകയോ ചെയ്യാതിരിക്കുകയോ ഒരു പക്ഷേ വേണ്ടിവന്നേക്കാം. എന്നാൽ 'സന്ധ്യ' അനുഷ്ഠിക്കുക ധർമ്മമാണ്. അത് ചെയ്യാതിരിക്കുന്നത് പാപമാണ്.

ഇക്കാലത്ത് പണ്ഡിറ്റ് ലേഖ്റാമിന് ഒരു പുത്രനുണ്ടായി. ഏതാനും ദിവസങ്ങൾ മാത്രം വീട്ടിൽ ചിലവഴിച്ച ശേഷം അദ്ദേഹം വീണ്ടും പ്രചാരകാര്യങ്ങളിൽ മുഴുകി. പണ്ഡിറ്റ് ജി വ്യായാമം നിത്യവും ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു ആര്യസമാജ മന്ദിരത്തിന്റെ വാർഷികോത്സവത്തിൽ പണ്ഡിറ്റ് ലേഖ്റാമും സ്വാമി ശ്രദ്ധാനന്ദനും പങ്കെടുക്കുകയായിരുന്നു.

'ഇന്നത്തെ യുവാക്കളും അവരുടെ തന്റേടവും' എന്ന വിഷയത്തെ അധികരിച്ച് പണ്ഡിറ്റ് ലേഖ്റാമിന്റെ പ്രഭാഷണം നടന്നു. യുവാക്കൾ വ്യായാമം ചെയ്യാതെ ഭക്ഷണം കഴിച്ചാൽ അത് ദഹിക്കുകയില്ലാ എന്നും അങ്ങനെ ധാരാളം ഭക്ഷണം കഴിക്കുന്നതുകൊണ്ട് ശരീരബലം എങ്ങനെയുണ്ടാവുമെന്ന് അദ്ദേഹം തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചു.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

കവിത

# ഓങ്കാര മഹിമ

വി.കുഞ്ഞപ്പൻ, കൊല്ലങ്കോട്

ഓം എന്നതു ഭഗവൽ നാമം
പാടുക പ്രിയ! നീ യവിരാമം
രാവാകട്ടെ പകലാകട്ടെ
ഓം വേദത്തിൻ വരനാമം

ബ്രഹ്മസമാനം ഓംകാരം
ഓംതാൻ ജീവൻ ഓം പ്രാണൻ
ഓമെന്നോർക്ക് സദാ സമയം
ഓമെന്നതു ഭഗവൽ നാമം
പാടുക പ്രിയ നീ യവിരാമം.

പാവന മോമിൻ ധ്വനി പാരം
ഓമിതു മന ഭാവന മന്ത്രം
ഓമെന്നക്ഷരമനുപമ മാം
സൃഷ്ടിയിലോ ശബ്ദം പ്രഥമം
ഇതുനൽകും വാക്കിന്നഭയം
പാടുക പ്രിയ നീ ഓംകാരം

നേടിയവർ മാനവജന്മം
ജീവിതമാക്കുക അതിധന്യം
പാച്ചിൽ അശേഷം വിഫലശ്രമം
ഓമിൽ തേടുക നീ ശരണം
സദ്ഫലമത്രേ പരിണാമം
പാടുക പ്രിയ നീ ഓംകാരം

ഓം മൊഴിയൂ ഭജ ഓങ്കാരം
ആവർത്തിക്കുക അനവരതം
ഓമിൻ മഹിമകൾ നിസ്സീമം
ഓംതരണത്തിനു നൗക സമം
ജീവിത സംഗ്രാമം വിജയം
പാടുക പ്രിയനേ, ഓംകാരം

ഓം പരമാനന്ദത്തിൻ ധാമം
ഓമെന്നതു പ്രഭുവിൻ നാമം
വിലമതിയാത്തതു ഓം സ്മരണം
ഋഷിമുനിമാർ അനുഭവ സാക്ഷ്യം
ചഞ്ചലചിത്തത്തിൻ ലക്ഷ്യം
പാടുക പ്രിയനീ ഓങ്കാരം

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/04/2018

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

ദയാനന്ദ സന്ദേശം വൈദിക മാസിക

# ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**

**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ വൈദിക സിംഹഗർജ്ജനം!**

**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 100/- ദീർഘകാലം ₹ 1500/-.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**

**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**

**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**

Email: dayanandasandesam@gmail.com

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

DAYANANDA SANDESAM

Bank Account No: 4264000100072426, IFSC Code : PUNB 0426400

Punjab National Bank- Cherpalcheri Branch

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 09562529095*